"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റന്റൻഡായ ആയ ശ്രീ. അനന്തു. ആർ-ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.801/2026/LSGD തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. സ.ഉ (പി )നം.112/2017/ധന തീയതി 24/08/2017.
2. ശ്രീ.അനന്തു. ആർ സമർപ്പിച്ച 31.01.2025-ലെ അവധി അപേക്ഷ.
3. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.03.2026-ലെ LSGD/PD/23513/ 2025-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അനന്തു. ആർ 13/01/2025-ന് കിളിമാനൂർ സബ്ട്രഷറിയിൽ ബില്ലുകൾ ഹാജരാക്കുന്നതിന് സ്കൂട്ടറിൽ പോകവേ അപകടം സംഭവിച്ചതിനാൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം 13/01/2025 മുതൽ 27/01/2025 വരെ 15 ദിവസത്തെ പ്രത്യേക അവശതാ അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. അനന്തു. ആർ-ന് 13/01/2025 മുതൽ 27/01/2025 വരെ (15 ദിവസം) കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ. അനന്തു. ആർ, ഓഫീസ് അറ്റൻഡന്റ് ,കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്,

തിരുവനന്തപുരം ജില്ല (തസ്വഭവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

3) സെക്രട്ടറി, കിളിമാന്നൂർ ബ്ലോക്ക് പഞ്ചായത്ത് , തിരുവനന്തപുരം ജില്ല

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) ആഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 19-03-2026 16:35:03

സെക്ഷൻ ഓഫീസർ